## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3042 — 13-03-2018 ൽ മറുപടിയ്ക്ക്

# ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.സി.മമ്മത് കോയ :<br>ശ്രീ. എം.രാജഗോപാലൻ :<br>ശ്രീ. എം.മുകേഷ് :<br>ശ്രീ. എ.എൻ.ഷംസീർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത തുറമുഖങ്ങളിലെ ചരക്കു ഗതാഗതം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ; | (എ)യും (ബി)യും സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും, ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്കു കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്. വിഴിഞ്ഞം തുറമുഖത്ത് ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

കൊല്ലം തുറമുഖത്ത് 40 ടൺ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുതലായ ഉപകരണങ്ങളും, എം.ടി. മലബാർ എന്ന ടഗ്ഗും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, നാല് ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ്. തുടങ്ങിയ സൗകര്യങ്ങളും, എം.ടി.കേരളം, എം.ടി. ചാലിയാർ, എം.ടി. സാമൂതിരി മുതലായ ടഗ്ഗുകളുടെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വി.ടി.എം.എസ്, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾക്കു പുറമെ എം.ടി. അഴീക്കൽ എന്ന ടഗ്ഗിന്റെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വൻകിടേതര തുറമുഖങ്ങളെ പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ട്.

(ഡി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ഡി) പൊന്നാനി തുറമുഖം പി.പി.പി. മാതൃകയിൽ വികസിപ്പിക്കുന്നതിനായി മലബാർ പോർട്സ് പ്രൈവറ്റ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം കിൻഫ്രയുടെ ഓഹരി പങ്കാളിത്തത്തോടെ സ്വകാര്യ പ്രാതിനിധ്യമുള്ള തുറമുഖമായി വികസിപ്പിക്കുന്നതിനുള്ള നടപടി തുടങ്ങി. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ